ബീഡിത്തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കൽ

182 [282] ശ്രീ. എ. എൻ. യൂസുഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ബീഡിത്തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കി നിശ്ചയിക്കാൻ സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ബീഡിത്തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കി നിശ്ചയിക്കാൻ ആലോചനയുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി

183 [283] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ഏർപ്പെടുത്തുവാൻ ആവശ്യമായ 'ബിൽ' തയ്യാറായിക്കഴിഞ്ഞുവോ;

(ബി) എങ്കിൽ ഈ നിയമസഭാകാലത്ത് ബിൽ അവതരിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തയ്യാറായിക്കഴിഞ്ഞു.

(ബി) സ്വീകരിച്ചിട്ടുണ്ട്.

സ്റ്റേറ്റ് ഹൗസിങ്ങ് ബോർഡിന്റെ ഫ്ളാറ്റ് സിസ്റ്റം

184 [284] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഹൗസിങ്ങ് ബോർഡ് തിരുവനന്തപുരം സിറ്റിയിലെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് ഫ്ളാറ്റ് സിസ്റ്റം ഏർപ്പെടുത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എത്ര കോളനികളിൽ ഫ്ളാറ്റുകൾ നിർമ്മിച്ചുവരുന്നു; ഏതെല്ലാം;

(സി) എതെങ്കിലും ഫ്ളാറ്റുകൾ അലോട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത്;

(ഡി) ബാക്കിയുള്ളവ എപ്പോൾ അലോട്ടുചെയ്യും;

LIBRARY ARCHIVES Kerala Legislative Assembly